**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1593** **15-03-2022 - ൽ മറുപടിയ്ക്ക്**

**കർഷക പെൻഷൻ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ എത്ര കാലത്തെ കർഷക പെൻഷനാണ് കുടിശ്ശികയായിട്ടുള്ളത്; ടി കുടിശ്ശിക എന്നത്തേയ്ക്ക് അനുവദിക്കാനാകുമെന്ന് പറയാമോ; | (എ) | നിലവിൽ കർഷക പെൻഷൻ കുടിശ്ശിക ഇല്ല. |
| (ബി) | പ്രസ്തുത കുടിശ്ശിക കൊടുത്ത് തീർക്കാർ ആവശ്യമായിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ കർഷക പെൻഷൻ കുടിശ്ശിക ഇല്ല. |
| (സി) | ശ്രീ.എ.റ്റി.വർക്കി, ആല്യക്ക, പുതുശ്ശേരി, നെട്ടുവന്നൂർ പി.ഒ, ചൊവ്വര, എറണാകുളം എന്ന വ്യക്തിക്ക് നൽകാനുള്ള പെൻഷൻ കുടിശ്ശിക നൽകുന്നതിലെ തടസ്സം എന്താണെന്ന് അറിയിക്കാമോ; ടി കുടിശ്ശിക എന്നത്തേക്ക് അനുവദിക്കാനാകുമെന്ന് പറയാമോ? | (സി) | ശ്രീ.എ.റ്റി.വർക്കി, ആല്യക്ക, പുതുശ്ശേരി, നെട്ടുവന്നൂർ എന്ന കർഷകൻ നിലവിൽ കർഷക പെൻഷൻ ഗുണഭോക്താവാണ് ടി. കർഷകന് ഡിസംബർ 2020, ജനുവരി 2021, ഫെബ്രുവരി 2021, എന്നീ മാസങ്ങളിൽ ബിൽ ജെനറേറ്റ് ചെയ്തിരുന്നുവെങ്കിലും ബാങ്ക് അക്കൗണ്ടിലെ സാങ്കേതിക പ്രശ്നം കാരണം കർഷക പെൻഷൻ തുക ലഭിച്ചിരുന്നില്ല. ടി കർഷകന് അക്കൗണ്ടുള്ള ബാങ്കുമായി ബന്ധപ്പെട്ടപ്പോൾ ടിയാളുടെ അക്കൗണ്ട് "സ്മാൾ അക്കൗണ്ട്" എന്ന വിഭാഗത്തിൽ വരുന്നതാണെന്നും, അതിലേക്ക് ഒരു വർഷത്തേക്കുള്ള ക്രഡിറ്റ് ലിമിറ്റ് ബാങ്ക് നിശ്ചയിച്ച തുകയിൽ അധികമായാൽ ടി അക്കൗണ്ടിലേക്ക് തുക നിക്ഷേപിക്കാൻ സാധിക്കുകയില്ലയെന്നും, ഈ പ്രശ്നം ആവർത്തിക്കാതിരിക്കാൻ സ്മാൾ അക്കൗണ്ട് എന്നത് മാറ്റി സാധാരണ അക്കൗണ്ട് ആക്കുന്നതിലേയ്ക്കായി ബാങ്കിൽ അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്. ഈ കർഷകന് നിലവിൽ പെൻഷൻ ലഭിക്കുന്നുണ്ട്. എന്നാൽ കുടിശ്ശികയായ ഡിസംബർ 2020 മുതൽ ഫെബ്രുവരി 2021 വരെയുള്ള 3 മാസങ്ങളിലെ പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ